# കണ്ണൂർസർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യു., തീയതി: 23.12.2021

**<u>പ്രസിദ്ധീകരണത്തിന്</u>**

### <u>ഫീ കൺസഷൻ റിപ്പോർട്ട്</u>

**മൂന്നാം** സെമസ്റ്റർ **പി. ജി.** (ഒക്ടോബർ 2021) പരീക്ഷക്കുള്ള അപേക്ഷകളോടൊപ്പം (27.12.2021 നകം) പ്രിൻസിപ്പാൾമാർ സമർപ്പിക്കേണ്ട ഫീ കൺസെഷൻ റിപ്പോർട്ട് സംബന്ധിച്ച സർക്കുലർ സർവകലാശാല വെബ്സൈറ്റിൽ *നോട്ടിഫിക്കേഷൻസ്* വിഭാഗത്തിൽ ലഭ്യമാണ്.

### <u>പരീക്ഷാ</u>

സർവകലാശാല പഠനവകുപ്പിലെ **ഒന്നാം** സെമസ്റ്റർ **എം. എ. ആന്ത്രപ്പോളജി,** നവംബർ 2020 പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പുനഃപരിശോധനക്കും പകർപ്പിനും സൂക്ഷമപരിശോധനക്കും **04.01.2022** വരെ അപേക്ഷിക്കാം.

### <u>പുനർമൂല്യനിർണയഫലം</u>

മൂന്നാം സെമസ്റ്റർ നവംബർ 2020 ബിരുദ പരീക്ഷകളുടെയും നാലാം സെമസ്റ്റർ (കോവിഡ് സ്പെഷ്യൽ) ഏപ്രിൽ 2020 ബിരുദപരീക്ഷകളുടെയും പുനർമൂല്യനിർണയ ഫലം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. മൂന്നാം സെമസ്റ്റർ നവംബർ 2020 ബിരുദ പരീക്ഷകളുടെ പുനർമൂല്യനിർണയം പൂർത്തിയായ ഫലങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പൂർണഫലപ്രഖ്യാപനം മൂല്യനിർണയം പൂർത്തിയാകുന്ന മുറയ്ക്ക് നടത്തുന്നതാണ്. മാർക്ക് മാറ്റമുള്ള പക്ഷം റെഗുലർ വിദ്യാർത്ഥികൾ ഒഴികെ മറ്റുള്ളവർ അവരുടെ മാർക്ക് ലിസ്റ്റും റിസൽട്ട് മെമ്മോയുടെ ഡൌൺലോഡ് ചെയ്ത പകർപ്പും സഹിതം മാർക്ക് ലിസ്റ്റ് പുതുക്കി ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-

**ഡെപ്യൂട്ടി രജിസ്ട്രാർ I**
**പരീക്ഷാവിഭാഗം**